5623

"ഭരണഭാഷ - മാതൃഭാഷ"

നം.ക്യു.ഐ.പി.(1)/197357/2020/ഡി.ജി.ഇ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: .10.2020.
ഇ-മെയിൽ - supdtqip.dge@kerlala.gov.in

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസം - കുട്ടികളെ 'ബ്രേക്ക് ദി ചെയിൻ' അംബാസിഡർമാരാക്കുന്നത് - സംബന്ധിച്ച്.

സൂചന: 09/10/2020 തീയതിയിലെ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ കത്ത് നമ്പർ പി6/2062/2020/KSSM.

**********

കോവിഡ്-19 ന്റെ വ്യാപനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സ്കൂൾ കുട്ടികളെ 'ബ്രേക്ക് ദി ചെയിൻ' ക്യാമ്പയിന്റെ ഭാഗമായി അംബാസിഡർമാരാക്കുന്നത് സംബന്ധിച്ച തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കുട്ടികൾക്കായി ഒരു ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതായി സൂചന കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. സംസ്ഥാനത്തെ മുഴുവൻ കുട്ടികൾക്കും ഇതുമായി ബന്ധപ്പെട്ട് ഓൺലൈൻ ക്ലാസ്സുകളും, ബോധവൽക്കരണവും നൽകാനാണ് ഉദ്ദേശിക്കുന്നത്. വൈറസ് വ്യാപനം തടയുന്നതിന് സ്വീകരിക്കേണ്ട പ്രോട്ടോക്കോൾ, പ്രതിരോധ നടപടികൾ, ആരോഗ്യകാര്യങ്ങൾ, റിവേഴ്സ് ക്വാറന്റൈൻ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് വിദഗ്ധർ ക്ലാസ്സ് നൽകും. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ഒക്ടോബർ 14, 15 എന്നീ തീയതികളിൽ വിക്ടേഴ്സ് ചാനൽ വഴി ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നതാണ്. നിലവിൽ സംപ്രേഷണം ചെയ്തുകൊണ്ടിരിക്കുന്ന ഓൺലൈൻ ക്ലാസ്സുകൾക്കിടയിലുള്ള ഇടവേളകളിലാണ് പ്രസ്തുത ക്ലാസ്സുകൾ സംപ്രേഷണം ചെയ്യുന്നത്.
2. ഡോ. മുഹമ്മദ് അഷീൽ ആരോഗ്യ ശാസ്ത്രീയ കാര്യങ്ങളെ കുറിച്ച് അധ്യാപകർക്കും, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കും ആവശ്യമായ ബോധവൽക്കരണ നിർദ്ദേശങ്ങൾ നൽകുന്നതാണ്.
3. കുട്ടികൾ ചെയ്യേണ്ടുന്ന കാര്യങ്ങൾ വിശദീകരിക്കുന്ന ക്ലാസ് ശ്രീ. ഗോപിനാഥ് മുതുകാട് (പ്രശസ്ത മജീഷ്യൻ) നയിക്കുന്നതും ഇത് മുഴുവൻ കുട്ടികൾക്കും വേണ്ടി സംപ്രേഷണം ചെയ്യുന്നതുമാണ്.

4. കുട്ടികൾ വീടുകളിൽ 'ബ്രേക്ക് ദി ചെയിൻ' പ്രോട്ടോക്കോൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമ്മാണം, വീഡിയോ ചിത്രീകരണം, മറ്റു ബോധവൽക്കരണ ക്രിയാത്മക പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

5. അതാതു ക്ലാസ് ടീച്ചർമാർ ടി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശവും പ്രോത്സാഹനവും നൽകേണ്ടതാണ്.

6. ഓരോ ജില്ലയിൽ നിന്നും 10 മികച്ച സൃഷ്ടികൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ തിരഞ്ഞെടുക്കേണ്ടതാണ്. ഇപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ക്രിയാത്മക പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ supdtqip.dge@kerala.gov.in എന്ന ഇ-മെയിലിലേക്ക് ഒക്ടോബർ 30 നകം അയച്ചു നൽകേണ്ടതാണ്.

7. ഇവ വിലയിരുത്തി മികച്ച പ്രവർത്തനങ്ങൾക്ക് പുരസ്കാരവും സർട്ടിഫിക്കറ്റുകളും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് മന്ത്രി നൽകുന്നതായിരിക്കും.

ഷൈൻമോൻ എം.കെ.
പെൻ - 425084
പൊതുവിദ്യാഭ്യാസ അഡീഷണൽഡയറക്ടർ(അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ് :-

എക്സിക്യൂട്ടീവ് ഡയറക്ടർ,
കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ

എം എസ്

പുറത്തെഴുത്ത് നം. A5/5623/20 തി. 21/10/20

ഖണ്ഡിക 4ൽ പറഞ്ഞിരിക്കുന്നത് പ്രകാരം കുട്ടികൾ വീടുകളിൽ നടത്തിയ "ബ്രേക്ക് ദി ചെയിൻ" പ്രോട്ടോക്കോൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ ക്രിയാത്മക പ്രവർത്തനങ്ങളുടെ Hard copy 23/10/2020 ന് മുമ്പായി ഈ കാര്യാലയത്തിലേക്ക് Email ചെയ്യേണ്ടതാണ്

for ജി.വി.ഒ.
ഹെഡ്മാസ്റ്റർ